**പതിമൂന്നാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.8080 17-07-2014-ൽ മറുപടിയ്ക്ക്

## എച്ച്1 എൻ 1 പനിക്കുള്ള മരുന്ന്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ.എം. ചന്ദ്രൻ<br>ശ്രീ.കെ. കുഞ്ഞിരാമൻ ( ഉദുമ)<br>ശ്രീ.കെ.കെ. നാരായണൻ | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സർക്കാർ ആശുപത്രികളിൽ എച്ച്1 എൻ 1 പനിക്കുള്ള മരുന്ന് ലഭ്യമല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിരുന്നോ ; എങ്കിൽ ഇതു പരിഹരിക്കാനായി സ്വീകരിച്ച നടപടികൾ അറിയിക്കാമോ ; | (എ) കേരളത്തിലെ എല്ലാ ജില്ലകളിലും എച്ച്1 എൻ 1 പനിക്കുള്ള മരുന്ന് ലഭ്യമാണ്. സ്റ്റോക്ക് കുറയുന്ന മുറയ്ക്ക്, ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ നിന്നും കൂടുതൽ മരുന്ന് ജില്ലകൾക്ക് നല്കി വരുന്നു. |
| (ബി) ഈ രോഗത്തിനുള്ള മരുന്നു വിതരണം കേന്ദ്ര സർക്കാർ നിർത്തിയോ; എങ്കിൽ അത് പുനഃസ്ഥാപിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിരുന്നോ? | (ബി) ഇപ്പോൾ കേന്ദ്ര സർക്കാർ, ഉള്ള സ്റ്റോക്കിൽ നിന്ന് സംസ്ഥാനത്തിന് മരുന്ന് നല്കുന്നത് തുടർന്നു വരുന്നു. ഭാവിയിൽ ഈ വിതരണം ഉണ്ടാകില്ല എന്ന് കേന്ദ്ര ആരോഗ്യ മന്ത്രാലയം അറിയിച്ചിട്ടുണ്ട്. പകരം വേണ്ട സംവിധാനം, സംസ്ഥാനം, കെ.എം.എസ്.സി.എൽ വഴി നടത്തിയിട്ടുണ്ട്. അടിയന്തിര ആവശ്യങ്ങൾ ഉണ്ടായാൽ, ഡി.എം.ഒ മാർക്ക് നല്കിയിട്ടുള്ള പകർച്ചവ്യാധി നിയന്ത്രണത്തിനാവശ്യമുള്ള മരുന്നുകൾ വാങ്ങാനുള്ള ഫണ്ടിൽ നിന്നും തുക ചെലവഴിച്ച് മരുന്ന് വാങ്ങി സംഭരിക്കാൻ നിർദ്ദേശം നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ